## എല്ലാ മാന്യ വായനക്കാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം.

പ്രീയമുള്ളവരേ 2012 ഏതാനും ദിവസങ്ങൾക്കുള്ളിൽ നമ്മെ വിട്ടു പോകുകയാണ്. കഴിഞ്ഞുപോയ ദിനങ്ങളിലേക്കു നാം തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടേയും മനസ്സുകളിൽ വിവിധ വികാരങ്ങളാണ് ഉളവാകുന്നത്.
ചിലർക്കു 2012 വളരെ അനുഗ്രഹവും സന്തോഷവും നിറഞ്ഞതായിരുന്നു , എന്നാൽ മറ്റുചിലർക്കു ഇത് ദുഃഖത്തിന്റേയും നെടുവീർപ്പിന്റെയും വർഷമായിരുന്നു , ചിലർക്കു ഇത് രോഗത്തിന്റെയും അസമാധാനത്തിന്റെയും വർഷമായിരുന്നു വേറെ ചിലർക്കു ഇത് പ്രത്യേകിച്ചു ഒന്നും സംഭവിക്കാത്ത ഒരു സാധാരണ വർഷമായിരുന്നു .

എന്നാൽ എല്ലാവർക്കും ഏകസ്വരത്തിൽ പറയാൻ കഴിയുന്ന ഒരു കാര്യമുണ്ട്, എന്റെ ദൈവം എനിക്കു നല്ലവനായിരുന്നു . എന്റെ സന്തോഷത്തിലും സന്താപത്തിലും രോഗത്തിലും പ്രതികൂലത്തിലുമെല്ലാം എന്റെ കർത്താവു എന്നോടു കൂടെയിരുന്നു .
ഞാൻ തളർന്നുപോയപ്പോൾ തന്റെ ശാശ്വത ഭുജങ്ങളാൽ എന്നെ താങ്ങി , ഞാൻ സങ്കടപ്പെട്ടപ്പോൾ അമ്മ ആശ്വസിപ്പിക്കുന്നതുപോലെ എന്നെ ആശ്വസിപ്പിച്ചു , എന്റെ കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണ ആയിരുന്നു , എന്റെ പ്രതികൂല സാഹചര്യങ്ങളിൽ അവൻ ആകാശം ചായിച്ച് ഇറങ്ങിവന്ന് ഞാൻ വിചാരിച്ചിട്ടില്ലാത്ത ഭയങ്കര കാര്യങ്ങളാൽ നീതിയോടെ എനിക്ക് ഉത്തരമരുളി , എന്റെ അനേക പ്രാർത്ഥനകൾക്കു മറുപടി തന്നു , ചില പ്രാർത്ഥനകൾക്കു മറുപടി തന്നില്ലെങ്കിലും തക്കസമയത്തു അവനെനിക്കു ഉത്തരമരുളി എന്നെ മാനിക്കുമെന്ന ധൈര്യവും പ്രത്യാശയും പകർന്ന് തളരാതെ നിൽക്കുവാൻ എനിക്കു കൃപ തന്നു . അവനെന്നെ ആത്മീകമായും ഐഹീകമായും ഉയർത്തി എന്നിങ്ങനെ എണ്ണി എണ്ണി സ്തുതിക്കുവാൻ നമുക്കു വകയുണ്ട് കാരണം ദൈവം നമുക്കു അത്രമാത്രം നല്ലവനായിരുന്നു .

എന്നാൽ ഈ കഴിഞ്ഞ ഒരു വർഷക്കാലത്തെ നമ്മുടെ ജീവിതം ദൈവ മുമ്പാകെ എങ്ങനെ ആയിരുന്നു എന്നു നമ്മെത്തന്നെ ശോധന ചെയ്യാം . കർത്താവേ നീ എന്നെ സ്നേഹിച്ച് പരിപാലിച്ചതിനു തക്കവണ്ണം ഞാൻ നന്ദിയോടും വിശ്വസ്തതയോടും ജീവിച്ചു എന്നു ധൈര്യത്തോടെ പറയാൻ നമുക്കു സാധിക്കുമോ?
യെശ : 38 ൽ ഹിസ്ക്കിയാരാജാവു തന്റെ പ്രതിസന്ധിയിൽ ദൈവത്തോടു പറയുന്നു അയ്യോ യഹോവേ ഞാൻ വിശ്വസ്ഥതയോടും ഏകാഗ്രതയോടും തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമുള്ളതു ചെയ്തിരിക്കുന്നു എന്ന് ഓർക്കണമേ എന്ന്.
അങ്ങനെ പറയുവാൻ നമുക്കു കഴിയുമോ എന്നു ശോധന ചെയ്യാം .
ദൈവം നമുക്കു നന്മകളും ഐശ്വര്യങ്ങളും നൽകി സ്നേഹത്തോടെ നടത്തുമ്പോൾ അവൻ നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതു ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്,
നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനാണ് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ തിരഞ്ഞെടുത്തത് .
അബ്രഹാമിനോടും ദൈവം ആവശ്യപ്പെട്ടതു അതാണ് അബ്രഹാമേ നീ എന്റെ മുമ്പാകെ നടന്നു നിഷ്ക്കളങ്കനായിരിക്കുക . ഈ വഷളത്വം നിറഞ്ഞ ലോകത്തിൽ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളും ആയി ജീവിക്കുവാൻ നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം .

പരാജയങ്ങൾ സംഭവിച്ചു പോയിട്ടുണ്ടെങ്കിൽ കർത്താവിന്റെ മുമ്പിൽ തുറന്നു സമ്മതിക്കാം . തന്റെ ലംഘനങ്ങളെ മറെയ്ക്കുന്നവനു ശുഭം വരികയില്ല ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനു കരുണ ലഭിക്കും . ശത്രുവായവൻ അനേകരെ പാപത്തിൽ വീഴ്ത്തിക്കൊണ്ടിരിക്കുകയാണ് അറിഞ്ഞോ അറിയാതെയോ നമ്മിൽ കയറിപ്പറ്റിയ പാപസ്വഭാവങ്ങളെ വെച്ചുപുലർത്താതെ അതിനോടു വിടപറയാൻ സാധിക്കണം അല്ലെങ്കിൽ അതു നമ്മുടെ ആരോഗ്യത്തെ ബാധിക്കും , തലമുറകൾ ശാപയോഗ്യരാകും , കുടുഃബങ്ങൾ തകർന്നുപോകും  അതിനു അനേക ഉദാഹരണങ്ങൾ നമുക്കു ചുറ്റും കാണാൻ കഴിയും .
ആകയാൽ നമ്മുടെ പ്രവാസകാലം ഭയത്തോടെ കഴിക്കാം . വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ  കളങ്കമില്ലാതെ  ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ള കർത്താവിന്റെ കരങ്ങളിലേക്കു നമ്മെ സമർപ്പിക്കാം . നമുക്കായി അവസാന തുള്ളി രക്തംവരേയും ഊറ്റിത്തന്നു നമ്മെ രക്ഷിച്ച നമ്മുടെ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും പൂർണ്ണ ആത്മാവോടും കൂടെ സ്നേഹിക്കാം . അവന്റെ സകല കല്പനകളും പ്രമാണിച്ചു നടപ്പാൻ ഉത്സാഹിക്കാം . കർത്താവു നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം അവന്റെ സാക്ഷികൾ ആകുക എന്നതാണ് കർത്താവിന്റെ സ്നേഹത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചും ആരോടെങ്കിലും പറയാൻ ലഭിക്കുന്ന ഒരു അവസരവും നാം പാഴാക്കരുത്.

നാം പാഴാക്കികളഞ്ഞ ഒരു മിനിട്ടുപോലും ഇനി തിരിച്ചു കിട്ടുകയില്ല എന്നു മനസ്സിലാക്കി ലഭിക്കുന്ന സമയങ്ങൾ തക്കത്തിലുപയോഗിക്കാം . കർത്താവിന്റെ വേലയിൽ അധികമായി വർദ്ധിച്ചു വരാം . ഹൃദയം നിറഞ്ഞ നന്ദിയോടും താഴ്മയോടും വിശുദ്ധിയോടും പ്രാർത്ഥനയോടുംകൂടെ ജീവിക്കാം .  നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തു .  അതിനായി ഒരുങ്ങാം ചിലരെക്കൂടി ഒരുക്കാം .   ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടും പുതുവത്സര ആശംസകളോടും കൂടെ നിങ്ങളുടെ സഹോദരി ലിസിക്കുട്ടിരാജീവ്.